(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ബസ് ചാർജ്ജ് വർദ്ധനവ്

* 263. [284] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, സി. കെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോതവണയും വർദ്ധിപ്പിച്ച നിരക്കുകൾ എത്ര വീതം ;

(സി) ഇനിയും ഉടനെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സിറ്റി സർവ്വീസിലും ഓർഡിനറി സർവ്വീസിലും രണ്ടാമത്തെ സ്റ്റേജിൽ 10 പൈസയുടെ വർദ്ധനവ് കഴിഞ്ഞ ഫെബ്രുവരിയിൽ വരുത്തിയിട്ടുണ്ട്.

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ബസ് ചാർജ്ജ് വർദ്ധനവ് ആവശ്യമാണോ എന്നതിനെപ്പറ്റി പരിശോധിക്കുവാൻ സർക്കാർ ഒരു കമ്മറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും പറയുവാൻ നിവൃത്തിയുള്ളൂ.

അബ്കാരി ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

* 264. [285] ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യ ചട്ടം, കേരള അബ്കാരി ഷോപ്പ്സ് റൂൾസ് എന്നിവ ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം ഏറ്റവും ഒടുവിൽ എന്നാണ് പുറപ്പെടുവിച്ചത് ;

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേവാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര ദൂരംഅകലത്തിലാണ് മദ്യഷാപ്പുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 20-10-1986-ൽ

(ബി) കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, വിദേശമദ്യ ചില്ലറവിൽപ്പന ഷാപ്പുകൾ എന്നിവയെ സംബന്ധിച്ചിടത്തോളം 400 മീറ്റർ അകലത്തിലും വിദേശമദ്യ മൊത്ത വിൽപ്പന ഷാപ്പുകൾ, ബാറുകൾ എന്നിവയെ സംബന്ധിച്ചിടത്തോളം 200 മീറ്റർ അകലത്തിലും ആണ് അനുമതി നൽകുന്നത് . †

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിലെ നിയമനങ്ങൾ

* 265 . [286] ശ്രീ. എം. വി. രാഘവൻ :

,, സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിലേക്ക് ഏതെങ്കിലും തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ,ഏതെല്ലാം തസ്തികകളിൽ ;

(സി) ഓരോ തസ്തികയിലും എത്ര നിയമനം വീതം നടത്തി ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെൻറ് നൽകിയിരുന്നോ ;

(ഇ) എങ്കിൽ അത് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ നിയമനങ്ങൾ നിലവിലുള്ള കേന്ദ്ര നിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നുവോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇ. എസ്. ഐ. കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ കേന്ദ്ര ഗവൺമെൻറാണ് നടത്തുന്നത്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പു മാത്രമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നുള്ളു.

(ബി, സി, ഡി, ഇ ആൻറ് എഫ്)
ഉദിക്കുന്നില്ല

കെ. എസ്. ആർ. ടി. സി. നിർമ്മിക്കുന്ന ബസ്സ് ബോഡികൾ

* 266. [287] ശ്രീ. കെ. സി. ജോസഫ് :

,, കെ. കെ. തോമസ് :

,, കെ. രാഘവൻ മാസ്റ്റർ :

,, ജോസ് കുറിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്തെല്ലാം തരത്തിലുള്ള ബോഡികളാണ് ഇപ്പോൾ നിർമ്മിക്കുന്നത് ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly